**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.579 28.10.2016 ൽ മറുപടിയ്ക്ക്**

**വാഹനങ്ങൾ കൊണ്ടുള്ള പരിസ്ഥിതി മലിനീകരണം**

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ബി.സത്യൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.ജോർജ് എം.തോമസ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാഹനങ്ങൾ കൊണ്ടുള്ള പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന് ഗതാഗത വകുപ്പ് എന്തു മാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്; | (എ) | പഴയ വാഹനങ്ങളിൽ നിന്നുള്ള വായു മലിനീകരണം തടയുക എന്ന ഉദ്ദേശ്യത്തോടെ, സംസ്ഥാനത്ത് 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ളതുമായ സ്വകാര്യ വാഹനങ്ങൾക്കും, 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, മർദ്ദിത പ്രകൃതി വാതകവും,LNG എന്നിവ ഇന്ധനമായി ഉപയോഗിക്കാൻ വേണ്ട നടപടികൾ വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. Electric Autorickshaw യും പ്രയോഗത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. |
| (ബി) | മർദ്ദിത പ്രകൃതി വാതകവും ദ്രവീകൃത പ്രകൃതി വാതകവും വാഹന ഇന്ധനമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സ്വകാര്യ വാഹനങ്ങൾക്കും ബാധകമാക്കാൻ സാധിക്കുമോ; അതിനുവേണ്ട പശ്ചാത്തല സൗകര്യമൊരുക്കാൻ നടപടിയെടുക്കുമോ; | (ബി) | ഉണ്ട്. കേരള മോട്ടോർ വാഹന ചട്ടം 252 പ്രകാരം നിലവിൽ ഡീസലോ അല്ലെങ്കിൽ പെട്രോൾ എന്നിവ മാത്രമാണ് ഇന്ധനമായി ഉപയോഗിക്കാൻ അനുമതി നൽകിയിരിക്കുന്നത്. മർദ്ദിത പ്രകൃതി വാതകവും ദ്രവീകൃത പ്രകൃതി വാതകവും ഇന്ധനമായി ഉപയോഗിക്കുന്നതിനായി നിയമഭേദഗതി ആവശ്യമാണ്. ഇതിനായി സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള വാഹനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇത്തരം ഇന്ധനങ്ങൾ |

| | | | |
|---|---|---|---|
| | | | സ്വകാര്യ വാഹനങ്ങൾക്കും ഉപയോഗിക്കണമെങ്കിൽ ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിഗണനയിലാണ്. ഇതിനു വേണ്ട പശ്ചാത്തല സൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യം വിശദമാക്കുമോ; ഇതു പുക മലിനീകരണം നിയന്ത്രിക്കാൻ എങ്ങനെ ഉപകരിക്കുമെന്ന് അറിയിക്കുമോ? | (സി) | പഴയ വാഹനങ്ങളിൽ നിന്നുള്ള വായു മലിനീകരണം ദിനംപ്രതി വർദ്ധിച്ചു വരികയാണ്. ഇത്തരം വാഹനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനായിട്ടാണ് സംസ്ഥാനത്ത് 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ളതുമായ സ്വകാര്യ വാഹനങ്ങൾക്കും, 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**